| 14-07-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ- വലിയ വലിയ സ്ഥലങ്ങളിൽ വലിയ വലിയ കടകൾ(സെന്റർ) തുറക്കൂ, സേവനത്തെ വർദ്ധിപ്പിക്കുന്നതിനുള്ള പ്ലാനുകൾ ഉണ്ടാക്കൂ, മീറ്റിങ്ങ് നടത്തൂ, ആലോചന ചെയ്യൂ.

**ചോദ്യം-** സ്ഥൂലത്തിലുള്ള അത്ഭുതങ്ങൾ എല്ലാവർക്കും അറിയാം, പക്ഷേ നിങ്ങൾ കുട്ടികൾക്ക് മാത്രം അറിയാവുന്ന ഏറ്റവും വലിയ അത്ഭുതമെന്താണ്?
**ഉത്തരം-** ഏറ്റവും വലിയ അത്ഭുതം ഇതാണ് അതായത് സർവ്വരുടേയും സദ്ഗതി ദാതാവായ ബാബ സ്വയം വന്ന് പഠിപ്പിക്കുന്നു. ഇത് പറഞ്ഞുകൊടുക്കുന്നതിനായി നിങ്ങൾക്ക് നിങ്ങൾ ഓരോരുത്തരുടേയും കടകളിൽ ഷോ ചെയ്യേണ്ടിവരുന്നു എന്തുകൊണ്ടെന്നാൽ മനുഷ്യർ ഷോ കാണുമ്പോഴേ വരൂ. അതിനാൽ ഏറ്റവും വലിയതും ഏറ്റവും നല്ലതുമായ കട തലസ്ഥാനത്തുണ്ടായിരിക്കണം, എങ്കിൽ എല്ലാവരും വന്ന് മനസ്സിലാക്കും.

**ഗീതം-** മരിക്കുന്നതും നിന്റെ വഴിയിൽ............

**ഓം ശാന്തി**. ശിവഭഗവാനുവാചാ. രുദ്രഭഗവാനുവാചാ എന്നും പറയാറുണ്ട് എന്തുകൊണ്ടെന്നാൽ ശിവ മാല എന്നല്ല പാടുന്നത്. ഭക്തിമാർഗ്ഗത്തിൽ വളരെ പേർ മാല കറക്കുന്നു, അതിന്റെ പേരാണ് രുദ്രമാല എന്ന് വെച്ചിരിക്കുന്നത്. കാര്യം ഒന്നുതന്നെയാണ് പക്ഷേ ശരിയായ രീതിയിൽ ശിവബാബയാണ് പഠിപ്പിക്കുന്നത്. ആ പേരുതന്നെയാണ് പറയേണ്ടത് പക്ഷേ രുദ്രമാല എന്ന പേരാണ് നടന്നുവരുന്നത്. അതിനാൽ ഇതും മനസ്സിലാക്കിക്കൊടുക്കണം. ശിവനും രുദ്രനും തമ്മിൽ ഒരു വ്യത്യാസവുമില്ല. കുട്ടികളുടെ ബുദ്ധിയിലുണ്ട് നമുക്ക് നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്ത് ബാബയുടെ മാലയിൽ അടുത്ത് വരണം. ഈ ദൃഷ്ടാന്തവും പറയാറുണ്ട്. എങ്ങനെയാണോ കുട്ടികൾ ഓട്ടപ്പന്തയം നടത്തുന്നത്, ലക്ഷ്യം വരെ പോയി തിരിച്ചുവന്ന് ടീച്ചറുടെ അടുത്ത് നിൽക്കും. നിങ്ങൾ കുട്ടികൾക്കും അറിയാം നമ്മൾ 84 ന്റെ ചക്രം പൂർത്തിയാക്കി. ഇപ്പോൾ ആദ്യമാദ്യം പോയി മാലയിൽ കോർക്കപ്പെടണം. അത് മനുഷ്യരായ വിദ്യാർത്ഥികളുടെ ഓട്ടമത്സരമാണ്. ഇത് ആത്മീയ ഓട്ടമത്സരമാണ്. ആ ഓട്ടമത്സരം നിങ്ങൾക്ക് നടത്താൻ കഴിയില്ല. ഇത് ആത്മാക്കളുടെ കാര്യമാണ്. ആത്മാവ് വൃദ്ധനോ യുവാവോ വലുതോ ചെറുതോ ആവുന്നില്ല. ആത്മാവ് ഒരുപോലെത്തന്നെയാണ്. ആത്മാവിനുതന്നെയാണ് തന്റെ അച്ഛനെ ഓർമ്മിക്കേണ്ടത് ഇതിൽ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. ചിലപ്പോൾ പഠിപ്പിൽ തണുപ്പനായിരിക്കും പക്ഷെ ഇതിൽ എന്തുബുദ്ധിമുട്ടാണുള്ളത്, ഒന്നുമില്ല. എല്ലാ ആത്മാക്കളും സഹോദരങ്ങളാണ്. ആ ഓട്ടമത്സരത്തിൽ യുവാക്കളാണ് മുന്നിലെത്തുക. ഇവിടെയാണെങ്കിൽ ആ കാര്യമില്ല. നിങ്ങൾ കുട്ടികൾ മത്സരിക്കുന്നത് രുദ്രമാലയിൽ കോർക്കപ്പെടാൻ വേണ്ടിയാണ്. ബുദ്ധിയിലുണ്ട് നമ്മൾ ആത്മാക്കൾക്കും വൃക്ഷമുണ്ട്. അതാണ് ശിവബാബയുടെ, മുഴുവൻ മനുഷ്യരുടേയും മാല. കേവലം 108 ന്റെയോ 16108 ന്റെയോ മാത്രം മാലയല്ല, എത്രയും മനുഷ്യരുണ്ടോ അവരെല്ലാവരുടെയും മാലയാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്പർവൈസ് ആയി എല്ലാവരും അവരവരുടെ ധർമ്മത്തിൽ ചെന്നിരിക്കും, പിന്നീട് അവർ കല്പ കല്പം ആ സ്ഥലത്തുതന്നെയാണ് വരുക. ഇതും അത്ഭുതമല്ലേ. ലോകത്തിന് ഈ കാര്യമൊന്നും അറിയില്ല. നിങ്ങൾ കുട്ടികളിലും ആർക്കാണോ വിശാലബുദ്ധിയുള്ളത് അവർക്ക് ഇത് മനസ്സിലാക്കാൻ സാധിക്കും. നമുക്ക് എങ്ങനെ എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കാൻ സാധിക്കും എന്ന ചിന്ത കുട്ടികളിൽ ഉണ്ടായിരിക്കണം. ഇത് വിഷ്ണുവിന്റെ മാലയാണ്. ആരംഭം മുതൽ ശാഖകൾ ഉണ്ടാകുന്നു, കൊമ്പും ചില്ലയും എല്ലാം ഉണ്ടല്ലോ. അവിടെയും ചെറിയ ചെറിയ ആത്മാക്കൾ വസിക്കുന്നു. ഇവിടെയുള്ളത് മനുഷ്യരാണ്. പിന്നീട് എല്ലാ ആത്മാക്കളും കൃത്യമായി അവിടെ നിലയുറപ്പിക്കും. ഇത് അത്ഭുതകരമായ കാര്യമാണ്. മനുഷ്യർ സ്ഥൂലത്തിലുള്ള അത്ഭുതങ്ങൾ കാണുന്നു പക്ഷേ അതൊന്നും ഒന്നുമല്ല. സർവ്വരുടേയും സദ്ഗതി ദാതാവായ പരമപിതാ പരമാത്മാവ് വന്ന് പഠിപ്പിക്കുന്നു അത് എത്ര വലിയ അത്ഭുതമാണ്. കൃഷ്ണനെ സർവ്വരുടേയും സദ്ഗതി ദാതാവ് എന്ന് പറയുകയേയില്ല. നിങ്ങൾക്ക് ഈ പോയിന്റ്സ് എല്ലാം ധാരണ ചെയ്യണം. പ്രധാന കാര്യം ഗീതയുടെ ഭഗവാൻ ആരാണ് എന്നതാണ്. ഇതിൽ വിജയിച്ചാൽ അതുമതി. ഗീത സർവ്വശാസ്ത്ര ശിരോമണിയാണ്, ഭഗവാൻ പറഞ്ഞതാണ്. ആദ്യമാദ്യം ഈ പരിശ്രമം ചെയ്യണം. ഇക്കാലത്ത് വളരെ അധികം ഷോ വേണം, ഏത് കടയിലാണോ കൂടുതൽ ഷോ ഉള്ളത് ആളുകൾ ആ കടയിലാണ് കയറുന്നത്. ഇവിടെ നല്ല വസ്തുവുണ്ടാകും എന്ന് കരുതുന്നു. കുട്ടികൾ പേടിക്കുന്നു, ഇത്രയും വലിയ വലിയ സെന്ററുകൾ തുറക്കുകയാണെങ്കിൽ ഒന്ന് രണ്ട് ലക്ഷം ചെലവ് ചെയ്യണം, അപ്പോഴേ ഇഷ്ടപ്പെട്ട കെട്ടിടം ലഭിക്കൂ. രാജകീയമായ വലിയ വീടായിരിക്കണം, വലിയ കടകൾ വലിയ വലിയ നഗരങ്ങളിലാണ് ഉണ്ടാവുക. നിങ്ങളുടെ

ഏറ്റവും വലിയ കട തലസ്ഥാനത്തായിരിക്കണം. സർവ്വീസ് എങ്ങനെ വർദ്ധിപ്പിക്കണം എന്നതിൽ കുട്ടികൾ വിചാര സാഗര മനനം ചെയ്യണം. വലിയ കടയുണ്ടെങ്കിൽ വലിയ വലിയ ആളുകൾ വരും. വലിയ ആളുകളുടെ ശബ്ദം പെട്ടെന്ന് പരക്കും. ആദ്യമാദ്യം ഈ കാര്യത്തിൽ പരിശ്രമിക്കണം. സേവനത്തിനായി വലിയ വലിയ സ്ഥാനങ്ങൾ ഇങ്ങനെയുള്ളത് ഉണ്ടാക്കണം അവിടെ വലിയ വലിയ ആളുകൾ വന്ന് അത്ഭുതപ്പെടണം അവിടെ മനസ്സിലാക്കിക്കൊടുക്കുന്നവരും ഒന്നാന്തരമായിരിക്കണം. സാധാരണ ബി. കെ മനസ്സിലാക്കിക്കൊടുത്താൽ എല്ലാ ബി.കേസും ഇങ്ങനെയാണ് എന്ന് കരുതും അതിനാൽ കടയിലെ സെയിൽസ് മാനും വളരെ ഒന്നാന്തരമായിരിക്കണം. ഇതും ജോലിയാണല്ലോ. ബാബ പറയുന്നു കുട്ടികളേ ധൈര്യം കാണിക്കൂ സഹായിക്കാൻ അച്ഛനുണ്ട്. ആ വിനാശിയായ ധനം ഒന്നിനും ഉപകാരപ്പെടില്ല. നമുക്ക് നമ്മുടെ അവിനാശിയായ സമ്പാദ്യം ഉണ്ടാക്കണം, ഇതിലൂടെ വളരെ പേരുടെ മംഗളമുണ്ടാകും, ഈ ബ്രഹ്മാവ് ചെയ്തത് പോലെ. പിന്നീട് ആരും വിശന്ന് മരിക്കുകയൊന്നുമില്ല. നിങ്ങളും കഴിക്കുന്നുണ്ട്, ഇവരും കഴിക്കുന്നുണ്ട്. ഇവിടെ കഴിക്കാനും കുടിക്കാനും എന്താണോ ലഭിക്കുന്നത് അത് വേറെ എവിടെയും ലഭിക്കുകയില്ല. ഇത് എല്ലാം കുട്ടികളുടേത് തന്നെയല്ലേ. കുട്ടികൾക്ക് തന്റെ രാജധാനി സ്ഥാപിക്കണം, ഇതിൽ വളരെ വിശാലമായ ബുദ്ധിവേണം. തലസ്ഥാനത്ത് പേരുവന്നാൽ പിന്നെ എല്ലാവരും മനസ്സിലാക്കും. പറയും ശരിക്കും ഇവർ സത്യമാണ് പറയുന്നത്, ഭഗവാൻ തന്നെയാണ് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. മനുഷ്യന് മനുഷ്യനെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റാൻ സാധിക്കില്ല. ബാബ സേവനത്തിന്റെ വൃദ്ധിക്കായി നിർദ്ദേശം നൽകിക്കൊണ്ടിരിക്കുന്നു.

കുട്ടികൾ വിശാലമനസ്ക്കരായാലേ സേവനത്തിന്റെ വൃദ്ധിയുണ്ടാകൂ. എന്ത് കാര്യം ചെയ്യുമ്പോഴും വിശാലമനസ്സോടെ ചെയ്യൂ. ഏതൊരു ശുഭ കാര്യവും സ്വയം മുൻകൈ എടുത്ത് ചെയ്യുക എന്നത് വളരെ നല്ലകാര്യമാണ്. പറയാറുമുണ്ട് സ്വയം ചെയ്താൽ ദേവത, പറയുന്നതിലൂടെ ചെയ്യുന്നവർ മനുഷ്യർ, പറഞ്ഞിട്ടും ചെയ്യുന്നില്ലെങ്കിൽ.......... ബാബ ദാതാവാണ്, ബാബ ആരോടെങ്കിലും ഇന്നത് ചെയ്യൂ, ഈ കാര്യത്തിൽ ഇത്ര ഉപയോഗിക്കൂ എന്ന് പറയുമോ. ഇല്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് വലിയ വലിയ രാജാക്കന്മാരുടെ കൈകൾ ഒരിയ്ക്കലും വെറുതേയിരിക്കില്ല. രാജാക്കന്മാർ എപ്പോഴും ദാതാവായിരിക്കും. ബാബ വഴി പറഞ്ഞുതരുന്നു– പോയി എന്ത് എന്തെല്ലാം ചെയ്യണം. ശ്രദ്ധയും വളരെ അധികം വേണം. മായയുടെ മേൽ വിജയം നേടണം, വളരെ ഉയർന്ന പദവിയാണ്. അവസാനം റിസൾട്ട് വരും പിന്നീട് ആരാണോ ഉയർന്ന മാർക്കോടെ പാസായവർ അവർക്ക് സന്തോഷമാകും. അവസാനം സാക്ഷാത്ക്കാരം എല്ലാവർക്കും ഉണ്ടാകുമല്ലോ, പക്ഷേ ആ സമയത്ത് എന്ത് ചെയ്യാൻ പറ്റും. ഭാഗ്യത്തിൽ എന്താണോ ഉള്ളത് അത് ലഭിക്കും. പുരുഷാർത്ഥത്തിന്റെ കാര്യം വേറെയാണ്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു വിശാലബുദ്ധിയുള്ളവരായി മാറൂ. ഇപ്പോൾ നിങ്ങൾ ധർമ്മാത്മാക്കളാവുകയാണ്. ലോകത്തിൽ ധർമ്മാത്മാക്കൾ അനേകംപേർ വന്ന് പോയിട്ടുണ്ടല്ലോ. വളരെ അധികം പ്രശസ്ഥിയുണ്ട് അവർക്ക്. ഇന്നയാൾ വളരെ ധാർമ്മികനായ മനുഷ്യനായിരുന്നു എന്ന് പറയാറുണ്ട്. ചിലരാണെങ്കിൽ പണം കൂട്ടിവെച്ച്–വെച്ച് പെട്ടെന്ന് മരണപ്പെടുന്നു. പിന്നീട് ട്രസ്റ്റുണ്ടാക്കുന്നു. ചിലരുടെ കുട്ടികൾ അയോഗ്യരായാൽ ട്രസ്റ്റുണ്ടാക്കുന്നു. ഈ സമയത്ത് ഇത് പാപാത്മാക്കളുടെ ലോകകം തന്നെയാണ്. വലിയ വലിയ ഗുരുക്കന്മാർക്ക് ദാനം നൽകുന്നു. കാശ്മീരിലെ രാജാവ് ചെയ്തത് പോലെ, ആര്യസമാജക്കാർക്ക് നൽകൂ എന്ന് വിൽ എഴുതി വെച്ചിട്ടുപോയി. അവരുടെ ധർമ്മം വൃദ്ധി നേടി. ഇപ്പോൾ നിങ്ങൾ എന്തുചെയ്യണം, ഏതു ധർമ്മത്തിന്റെ വൃദ്ധിയാണ് ചെയ്യേണ്ടത്? ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ. ഇതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ വീണ്ടും സ്ഥാപന ചെയ്യുകയാണ്. ബ്രഹ്മാവിലൂടെ സ്ഥാപന. ഇപ്പോൾ കുട്ടികൾ ഒന്നിന്റെ ഓർമ്മയിൽ ഇരിക്കണം. നിങ്ങൾ ഓർമ്മയിലൂടെ തന്നെയാണ് മുഴുവൻ സൃഷ്ടിയേയും പാവനമാക്കി മാറ്റുന്നത് എന്തുകൊണ്ടെന്നാൽ നിങ്ങൾക്കായി പവിത്രമായ സൃഷ്ടി ആവശ്യമാണ്. ഇതിന് തീ പിടിക്കുമ്പോൾ പവിത്രമാകും. അഴുക്കായ വസ്തുക്കളെ അഗ്നി പവിത്രമാക്കുന്നു. ഇതിൽ എല്ലാ മോശമായ വസ്തുക്കളും പെട്ട് പിന്നീട് നല്ലതായി മാറും. നിങ്ങൾക്ക് അറിയാം ഇത് വളരെ മോശമായ തമോപ്രധാന ലോകമാണ്. വീണ്ടും സതോപ്രധാനമാകണം. ഇത് ജ്ഞാനയജ്ഞമല്ലേ. നിങ്ങൾ ബ്രാഹ്മണരാണ്. ഇതും നിങ്ങൾക്ക് അറിയാം ശാസ്ത്രങ്ങളിൽ അനേകം കാര്യങ്ങൾ എഴുതിയിട്ടുണ്ട്, യജ്ഞത്തിൽ പിന്നെ ദക്ഷ പ്രജാപതിയുടെ പേര് എഴുതിയിരിക്കുന്നു. എങ്കിൽ രുദ്രജ്ഞാനയജ്ഞം എവിടെപ്പോയി. ഇതിനെക്കുറിച്ചും എന്ത് എന്തെല്ലാം കഥകൾ ഇരുന്ന് എഴുതിയിരിക്കുന്നു. പക്ഷേ യജ്ഞത്തിന്റെ വർണ്ണന നിയമാനുസരണമല്ല. ബാബ തന്നെയാണ് വന്ന് എല്ലാം മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ശ്രീമതത്തിലൂടെ ജ്ഞാനയജ്ഞം രചിച്ചിരിക്കുകയാണ്. ഇത് ജ്ഞാനയജ്ഞമാണ് മാത്രമല്ല വിദ്യാലയവും ആണ്. ജ്ഞാനം–യജ്ഞം ഇവ രണ്ടും വേറെ വേറെയാണ്. യജ്ഞത്തിൽ ആഹൂതി ഇടുന്നു. ജ്ഞാനസാഗരനായ ബാബ തന്നെയാണ് വന്ന് യജ്ഞം രചിക്കുന്നത്. ഇത് വളരെ വലിയ യജ്ഞമാണ്, ഇതിൽ മുഴുവൻ പഴയ ലോകവും സ്വാഹാ ആകണം.

എങ്കിൽ കുട്ടികൾക്ക് സർവ്വീസിനുള്ള പ്ലാൻ തയ്യാറാക്കണം. ഗ്രാമങ്ങളിൽ ചെന്നും സേവനം ചെയ്യൂ. നിങ്ങളോട് ഒരുപാട് പേർ പറയുന്നു പാവങ്ങൾക്ക് ഈ ജ്ഞാനം നൽകണം. കേവലം ഉപദേശം നൽകുന്നു, സ്വയം ഒരു ജോലിയും ചെയ്യുന്നില്ല. സേവനം ചെയ്യുന്നില്ല കേവലം ഉപദേശം മാത്രം നൽകുന്നു ഇങ്ങനെ ചെയ്യൂ, വളരെ നല്ലതാണ്. പക്ഷേ ഞങ്ങൾക്ക് സമയമില്ല. ജ്ഞാനം വളരെ നല്ലതാണ്. എല്ലാവർക്കും ഈ ജ്ഞാനം ലഭിക്കണം. സ്വയം വലിയ ആളാണെന്നും നിങ്ങൾ ചെറുതാണെന്നും കരുതുന്നു. നിങ്ങൾ വളരെ ശ്രദ്ധയോടെ ഇരിക്കണം. ആ പഠിപ്പിനോടൊപ്പം പിന്നീട് ഈ പഠിപ്പും ലഭിക്കുന്നു. പഠിപ്പിലൂടെ സംസാരിക്കുന്നതിനുള്ള വിവേകം ലഭിക്കുന്നു. പെരുമാറ്റം നല്ലതാകുന്നു. പഠിപ്പില്ലാത്തവർ ബുദ്ധുവായിരിക്കും. എങ്ങനെ സംസാരിക്കണം എന്ന അറിവില്ല. വലിയ ആളുകളെ എപ്പോഴും 'താങ്കൾ' എന്ന് പറഞ്ഞ് സംസാരിക്കണം. ഇവിടെ ചിലർ ഇങ്ങനെയാണ് അവർ പതിയെപ്പോലും നിങ്ങൾ നിങ്ങൾ എന്ന് പറയുന്നു. താങ്കൾ എന്ന പദം രാജകീയമാണ്. വലിയ ആളുകളെ താങ്കൾ എന്ന് വിളിക്കണം. അതിനാൽ ബാബ ആദ്യമാദ്യം നിർദ്ദേശം നൽകുകയാണ് പരിസ്ഥാനായിരുന്ന ഡൽഹിയെ വീണ്ടും പരിസ്ഥാനാക്കി മാറ്റണം. അതിനാൽ ഡൽഹിയിലെ എല്ലാവർക്കും സന്ദേശം നൽകണം, വളരെ നന്നായി പരസ്യം നൽകണം. ടോപ്പിക്കുകളും പറഞ്ഞുതന്നുകൊണ്ടിരിക്കുന്നു, ടോപ്പിക്കുകളുടെ ലിസ്റ്റ് ഉണ്ടാക്കൂ പിന്നീട് എഴുതിയുണ്ടാക്കൂ. വിശ്വത്തിൽ ശാന്തി എങ്ങനെയുണ്ടാകും വന്ന് മനസ്സിലാക്കൂ, 21 ജന്മങ്ങളിലേയ്ക്ക് എങ്ങനെ നിരോഗിയായി മാറാം വന്ന് മനസ്സിലാക്കൂ. ഇങ്ങനെയുള്ള സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ എഴുതിയിട്ടുണ്ടാവണം. 21 ജന്മങ്ങളിലേയ്ക്ക് നിരോഗി, സത്യയുഗത്തിലെ ഇരട്ടക്കിരീടധാരിയായി മാറു. സത്യയുഗം എന്ന വാക്ക് എല്ലാത്തിലും ഉപയോഗിക്കൂ. നല്ല നല്ല വാക്കുകളായിരിക്കണം എങ്കിൽ ആളുകൾ കണ്ട് സന്തോഷിക്കും. വീട്ടിലും ഇങ്ങനെയുള്ള ചിത്രങ്ങളോ ബോർഡോ ഉണ്ടായിരിക്കണം. തന്റെ ജോലി എല്ലാം നന്നായി ചെയ്യൂ. ഒപ്പം തന്നെ സേവനവും ചെയ്തുകൊണ്ടിരിക്കണം. മുഴുവൻ സമയവും ജോലിയിൽ ആയിരിക്കില്ലല്ലോ. മുകളിൽ നിന്ന് നോക്കിയാൽ മതിയാവും. ബാക്കി കാര്യങ്ങളെല്ലാം അസിസ്റ്റന്റ് മാനേജറാണ് ചെയ്യുക. ചില കച്ചവടക്കാർ വളരെ വിശാലഹൃദയമുള്ളവരായിരിക്കും അവർ അസിസ്റ്റന്റ് മാനേജർക്ക് നല്ല ശമ്പളം നൽകി സീറ്റിൽ ഇരുത്തും. ഇതാണെങ്കിൽ പരിധിയില്ലാത്ത സേവനമാണ്. ബാക്കി എല്ലാം പരിധിയുള്ള സേവനമാണ്. ഈ പരിധിയില്ലാത്ത സേവനത്തിൽ എത്ര വിശാലബുദ്ധിയായിരിക്കണം. നമ്മൾ വിശ്വത്തിനുമേലാണ് വിജയം നേടുന്നത്. കാലനുമേലും വിജയം നേടി നമ്മൾ അമരന്മാരായി മാറുന്നു. ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ കണ്ട് ആളുകൾ വരും പിന്നെ മനസ്സിലാക്കാൻ ശ്രമിക്കും. അമരലോകത്തിന്റെ അധികാരിയാവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും വന്ന് മനസ്സിലാക്കൂ, വളരെ അധികം ടോപ്പിക്കുകൾ ഉണ്ടാക്കാൻ കഴിയും. നിങ്ങൾക്ക് ആരെയും വിശ്വത്തിന്റെ അധികാരിയാക്കാൻ സാധിക്കും. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. കുട്ടികൾക്ക് എത്ര സന്തോഷമുണ്ടാകണം. ബാബ വീണ്ടും നമ്മളെ എന്താക്കി മാറ്റാനായി വന്നിരിക്കുന്നു! കുട്ടികൾക്ക് അറിയാം പഴയ സൃഷ്ടിയിൽ നിന്നും പുതിയതാവണം, മരണവും മുന്നിൽ നിൽക്കുന്നുണ്ട്. യുദ്ധം നടന്നുകൊണ്ടിരിക്കുന്നത് കാണുന്നുണ്ടല്ലോ. വലിയ യുദ്ധം വന്നാൽ കളി അവസാനിക്കും. നിങ്ങൾക്ക് നന്നായി അറിയാം. ബാബ വളരെ സ്നേഹത്തോടെ പറയുന്നു– മധുരമായ കുട്ടികളേ, വിശ്വത്തിന്റെ ചക്രവർത്തീ പദം നിങ്ങൾക്കു വേണ്ടിയാണ്! നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, ഭാരതത്തിൽ നിങ്ങൾ അളവില്ലാത്ത സുഖം കണ്ടു. അവിടെ രാവണരാജ്യമേയില്ല. അതിനാൽ ഇത്രയും സന്തോഷം വേണം. കുട്ടികൾ ഒരുമിച്ച് ഇരുന്ന് അഭിപ്രായം ആരായണം. പത്രങ്ങളിൽ ഇടണം. ഡൽഹിയിലും വിമാനത്തിലൂടെ നോട്ടീസ് വിതരണം ചെയ്യൂ. ക്ഷണം നൽകുകയാണ്, ചിലവ് അധികമാവില്ലല്ലോ, വലിയ ഓഫീസർ മനസ്സിലാക്കിയാൽ ഫ്രീയായും ചെയ്യും. ബാബ നിർദ്ദേശം നൽകുന്നു, കൽക്കത്തയിൽ ചൗരംഗിയിൽ ഒരു രാജകീയമായ കടയുണ്ടായിരിക്കണം, എങ്കിൽ ഒരുപാടുപേർ അവിടെ വരും. മദ്രാസ്, മുംബെ തുടങ്ങിയ വലിയ വലിയ നഗരങ്ങളിൽ വലിയ കടയായിരിക്കണം. ബാബ ബിസിനസ്സുകാരനുമാണല്ലോ. നിങ്ങളിൽ നിന്നും കക്കക്കു സമാനമായ പൈ–പൈസ വാങ്ങിയിട്ട് എന്താണ് പകരം നൽകുന്നത്! അതിനാലാണ് ദയാഹൃദയൻ എന്ന് പറയുന്നത്. കക്കയിൽ നിന്നും വജ്രസമാനമാക്കി മാറ്റുന്നയാൾ, മനുഷ്യനെ ദേവതയാക്കി മാറ്റുന്നയാൾ. ബലിയർപ്പണം ഒരു ബാബയുടേതാണ്. ബാബ ഇല്ലെങ്കിൽ, നിങ്ങളുടെ മഹിമ എന്തായിരിക്കും.

ഭഗവാനാണ് നമ്മെ പഠിപ്പിക്കുന്നത് എന്നതിൽ നിങ്ങൾ കുട്ടികൾക്ക് അഭിമാനം ഉണ്ടാവണം. നരനിൽ നിന്നും നാരായണനാവുക എന്ന പ്രധാന ലക്ഷ്യവും മുന്നിലുണ്ട്. ആരാണോ ആദ്യമാദ്യം അവ്യഭിചാരീ ഭക്തി ആരംഭിച്ചത്, അവർ തന്നെയാണ് വന്ന് ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നത്. ബാബ എത്ര നല്ല നല്ല പോയിന്റ്സ് കേൾപ്പിക്കുന്നു. കുട്ടികൾ മറന്നുപോകുന്നു അപ്പോഴാണ് ബാബ പറയുന്നത് പോയിന്റ്സ് എഴുതൂ. ടോപ്പിക്കുകൾ എഴുതിക്കൊണ്ടിരിക്കൂ. ഡോക്ടേഴ്സും പുസ്തകം പഠി

ക്കാറുണ്ട്. നിങ്ങൾ മാസ്റ്റർ ആത്മീയ സർജനാണ്. ആത്മാവിന് എങ്ങനെയാണ് ഇഞ്ചക്ഷൻ നൽകേണ്ടത് എന്ന് നിങ്ങളെ പഠിപ്പിക്കുന്നു. ഇത് ജ്ഞാനത്തിന്റെ ഇഞ്ചക്ഷനാണ്. ഇതിൽ സൂചിയൊന്നുമില്ല. ബാബയാണ് അവിനാശിയായ സർജൻ, വന്ന് ആത്മാക്കളെ പഠിപ്പിക്കുന്നു. ആത്മാവുതന്നെയാണ് അപവിത്രമായിരിക്കുന്നത്. ഇത് വളരെ സഹജമാണ്. ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു, എന്നിട്ട് അവരെ ഓർമ്മിക്കാൻ നമുക്ക് സാധിക്കില്ലേ! മായയുടെ എതിർപ്പ് കൂടുതലായിരിക്കും അതിനാൽ ബാബ പറയുന്നു– ചാർട്ട് വെയ്ക്കൂ പിന്നെ സേവനത്തെക്കുറിച്ച് ചിന്തിക്കൂ എങ്കിൽ വളരെ അധികം സന്തോഷമുണ്ടാകും. എത്ര നന്നായി മുരളി കേൾപ്പിച്ചാലും യോഗമില്ല. ബാബയോട് സത്യമായി ഇരിക്കാനും ബുദ്ധിമുട്ടാണ്. അഥവാ ഞാൻ വളരെ മുന്നിലാണ് എന്ന് കരുതുകയാണെങ്കിൽ ബാബയെ ഓർമ്മിച്ച് ചാർട്ട് അയയ്ക്കണം അപ്പോൾ ബാബ മനസ്സിലാക്കും എത്രത്തോളം സത്യമുണ്ട് അതോ നുണയാണോ? ശരി, കുട്ടികൾക്ക് മനസ്സിലാക്കിത്തന്നു– സെയിൽസ് മാൻ ആവണം, അവിനാശീ ജ്ഞാനരത്നങ്ങളുടെ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം–

1) പ്രധാനലക്ഷ്യത്തെ മുന്നിൽ വെച്ച് അഭിമാനത്തോടെ ഇരിക്കണം, മാസ്റ്റർ ആത്മീയ സർജനായി മാറി എല്ലാവർക്കും ജ്ഞാന ഇഞ്ചക്ഷൻ നൽകണം. സേവനത്തോടൊപ്പം ഓർമ്മയുടെ ചാർട്ടും വെയ്ക്കണം എങ്കിൽ സന്തോഷമുണ്ടാകും.

2) ഇടപഴകുന്നതിലും സംഭാഷണത്തിലും നല്ല മാനേഴ്സ് ഉണ്ടായിരിക്കണം, താങ്കൾ എന്ന് പറഞ്ഞ് സംസാരിക്കണം. ഓരോ കാര്യവും വിശാല മനസ്ക്കരായി വേണം ചെയ്യാൻ.

## വരദാനം സർവ കർമേന്ദ്രിയങ്ങളുടെയും ആകർഷണത്തിൽ നിന്നുപരി കമല സമാനം കഴിയുന്ന ദിവ്യബുദ്ധിയുടെയും ദിവ്യനേത്രത്തിന്റെയും വരദാനിയായി ഭവിക്കട്ടെ.

ബാപ്ദാദയിലൂടെ ഓരോ ബ്രാഹ്മണകുട്ടികൾക്കും ജന്മനാ തന്നെ ദിവ്യ സമർത്ഥ ബുദ്ധിയുടെയും ദിവ്യ നേത്രത്തിന്റെയും വരദാനം ലഭിച്ചിട്ടുണ്ട്. ഏതു കുട്ടികളാണോ തന്റെ ജന്മദിനത്തിന്റെ ഈ സമ്മാനം സദാ യഥാർഥ രീതിയിൽ ഉപയോഗിക്കുന്നത് അവർ കമലപുഷ്പത്തിനു സമാനം ശ്രേഷ്ഠസ്ഥിതിയുടെ ആസനത്തിൽ സ്ഥിതി ചെയ്യുന്നു. ഏതൊരു പ്രകാരത്തിലുമുള്ള ആകർഷണം –ദേഹത്തിന്റെ സംബന്ധം, ദേഹത്തിന്റെ പദാർഥം അല്ലെങ്കിൽ ഏതെങ്കിലും കർമേന്ദ്രിയങ്ങൾ അവരെ ആകർഷിക്കുക സാധ്യമല്ല. അവർ സർവ ആകർഷങ്ങളിൽ നിന്നും ഉപരി സദാ ഹർഷിതമായി കഴിയുന്നു. അവർ സ്വയം കലിയുഗീ പതീതവികാരീആകർഷണങ്ങളിൽ നിന്ന് വേറിട്ടതായി അനുഭവം ചെയ്യുന്നു.

## സ്ലോഗൻ : എവിടെയും ആസക്തി ഇല്ല എങ്കിൽ ശക്തിസ്വരൂപം പ്രത്യക്ഷമാകുന്നു.

**അവ്യക്ത സൂചനകൾ സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**
തന്റെ ശ്രേഷ്ഠ സങ്കൽപത്തിലൂടെ മറ്റ് ആത്മാക്കളുടെ വ്യർഥസങ്കൽപങ്ങളുടെ അഥവാ വികൽപങ്ങളുടെ ഒഴുക്കിൽ നിന്നും തന്റെ ശക്തിയാൽ അൽപ സമയത്തിൽ വേറിട്ടു കാണിക്കൂ. വ്യർഥ സങ്കൽപം ശുദ്ധസങ്കൽപത്തിൽ പരിവർത്തനപ്പെടുത്തിത്തരൂ. ഒരു സ്ഥാനത്തിരുന്നും അനേകാത്മാക്കളിൽ താങ്കളുടെ ശ്രേഷ്ഠസങ്കൽത്തിന്റെയും ദിവ്യദൃഷ്ടിയുടെയും പ്രഭാവം പതിക്കട്ടെ